ദേശാഭിമാനി
# അക്ഷരമുറ്റം
TALENT FEST 2025

---

## ഉപജില്ലാതല ക്വിസിനുള്ള ചോദ്യങ്ങൾ
## യു പി   വിഭാഗം

### ക്വിസ് മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ

ഉപജില്ലാതല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങളാണ് ഇതോടൊപ്പം. (പവർപോയിന്റ് പ്രസന്റേഷനും ഒപ്പമുണ്ട്). ഉത്തരങ്ങൾ ബ്രാക്കറ്റിൽ ചേർത്തിട്ടുണ്ട്. 20 ചോദ്യങ്ങളാണ് മത്സരത്തിന് ഉപയോഗിക്കേണ്ടത്. ടൈ വരികയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് അവസാനത്തെ 5 ചോദ്യങ്ങൾ. (10 ചോദ്യമെങ്കിലും ക്വിസ്മാസ്റ്റർ കരുതിവയ്ക്കണം). ചോദ്യങ്ങളും ഉത്തരങ്ങളും ക്വിസ്മാസ്റ്റർ മുൻകൂട്ടി നോക്കി അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പ് നടത്തണം. പവർപോയിന്റിൽ തയ്യാറാക്കിയ ഇമേജുകളുമായി ഒത്തുനോക്കണം. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനമുണ്ട്. അവർ ജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിന് പറ്റിയ രീതിയിൽ ടൈ ബ്രേക്ക് ചെയ്യണം. വിജയികളുടെ പേരുവിവരം ക്വിസ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി സംഘാടകരെ ഏൽപിക്കണം. ഉപജില്ലാ കൺവീനർമാർ അവർക്കുള്ള സാക്ഷ്യപത്രം നൽകണം. ജില്ലാ മത്സരകേന്ദ്രത്തിലെ രജിസ്ട്രേഷന് അത് ആവശ്യമാണ്.

1. മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം?

ഉത്തരം: ഓക്സിജൻ

2. "ഇന്നലെ ചെയ്തോരബദ്ധം മൂഢർക്കിന്നത്തെയാചാരമാകാം,
നാളത്തെ ശാസ്ത്രമതാകാം,
അതിൽ മൂളായ്ക സമ്മതം രാജൻ"

ഏത് മഹാകവിയുടെ വരികൾ?

ഉത്തരം: മഹാകവി കുമാരനാശാൻ

3. ഭൗമസൂചികാ പദവിയിൽ ഇടം പിടിച്ച കേരളത്തിലെ ആദ്യത്തെ ആദിവാസി കരകൗശല ഉത്പന്നം?

ഉത്തരം: കണ്ണാടി പായ

4.ഗാന്ധിജി 1903ൽ ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച പത്രം?

ഉത്തരം: ഇന്ത്യൻ ഒപ്പീനിയൻ

5.2026 ഒക്ടോബറിൽ നടക്കാൻ പോകുന്നത് സ്വതന്ത്ര ഇന്ത്യയിലെ എത്രാമത്തെ സെൻസസ് ആണ്?

ഉത്തരം: 8

6. താഴെ തന്നിരിക്കുന്നവയിൽ ഏഷ്യൻ രാജ്യമല്ലാത്തത് ഏതാണ്?
(ജപ്പാൻ, അർജന്റീന, ചൈന, ഭൂട്ടാൻ, നേപ്പാൾ )

ഉത്തരം: അർജന്റീന

7.2025ലെ FIDE വനിത ലോകകപ്പ് ചെസ്സ് മത്സരത്തിൽ ആരെ പരാജയപ്പെടുത്തിയാണ് ദിവ്യ ദേശ്മുഖ് ലോക വനിത ചെസ് ചാമ്പ്യൻ ആയത്?

ഉത്തരം: കൊനെരു ഹംപി

techsandquiz.in

8. ഏത് പ്രശസ്ത സാഹിത്യകാരന്റെ ഭവനത്തിന്റെ പേരാണ് സന്ധ്യ?

ഉത്തരം: പ്രൊഫ. എം കെ സാനു

9. 2024 ജനുവരി 29ന് ഗസയിൽ ഇസ്രയേൽ കൊലപ്പെടുത്തിയ അഞ്ച് വയസുകാരിയുടെ കഥ പറയുന്ന സിനിമ 82ാം വെനിസ് ചലച്ചിത്ര മേളയിൽ സിൽവർ ലയൺ പുരസ്കാരം നേടി. ഗസയിൽ കൊല്ലപ്പെടുന്ന ആയിരക്കണക്കിന് കുഞ്ഞുങ്ങളുടെ പ്രതീകമായി മാറിയ അവളുടെ പേര് എന്ത്?

ഉത്തരം: ഹിന്ദ് റജബ് (സിനിമയുടെ പേര് ദ വോയ്സ് ഓഫ് ഹിന്ദ് റജബ്)

10. ദേശീയ വായന ദിനം ജൂൺ 19നാണ്. കേരളത്തിൽ ഗ്രന്ഥശാലദിനമായി ആചരിക്കുന്നതെന്ന്?

ഉത്തരം: സെപ്തംബർ 14

11. കേരളത്തിലെ തൊഴിൽ വകുപ്പ് മന്ത്രി ആരാണ്?

ഉത്തരം: വി ശിവൻകുട്ടി

12. മോറികൾച്ചർ ഏതു ചെടിയുടെ കാര്യക്ഷമമായ വളർത്തിയെടുക്കലിനെയാണ് സൂചിപ്പിക്കുന്നത്?

ഉത്തരം: മൾബറി

13. കോഡിങ് ചോദ്യം സ്ക്രീനിൽഉണ്ട്. ശ്രദ്ധയോടെ വായിച്ചു ഉത്തരമെഴുതുക

ഉത്തരം:2(RDGPNM)
( ഓരോ അക്ഷരവും പിറകോട്ട് മുന്നോട്ട് എന്ന ക്രമത്തിൽ കോഡ് ചെയ്യപ്പെട്ടിരിക്കുന്നു

14. 2024 ജ്ഞാനപീഠ പുരസ്കാരം ലഭിച്ച വിനോദ് കുമാർ ശുക്ല ഏതു ഭാഷയിലെ എഴുത്തുകാരനാണ്?
ഉത്തരം: ഹിന്ദി

15. തന്നിരിക്കുന്ന നാലു വാക്കുകൾ ഏത് വാക്കിലാണ് അക്ഷരത്തെറ്റ് ഉള്ളത്?

ഉത്തരം: GIRAFE
ശരിയായ സ്പെല്ലിങ് GIRAFFE ആണ്.

16.ചന്ദ്രൻ ഓരോ ദിവസവും വ്യത്യസ്ത സ്ഥാനങ്ങളിൽ കാണപ്പെടുന്നതിന്റെ കാരണം എന്താണ്?

(A) സൂര്യനും ചന്ദ്രനും ഇടയിൽ ഭൂമി വരുന്നതിനാൽ
(B) ചന്ദ്രന്റെ പ്രകാശിത ഭാഗം ഭൂമിക്ക് അഭി മുഖമായതിനാൽ
(C) ചന്ദ്രൻ ഭൂമിയെക്കാൾ തീരെ ചെറുതായതിനാൽ
(D) ചന്ദ്രൻ ഭൂമിയെ വലം വയ്ക്കുന്നതിനാൽ

ഉത്തരം: (D) ചന്ദ്രൻ ഭൂമിയെ വലം വയ്ക്കുന്നതിനാൽ

17. വയനാട് ഉരുൾപൊട്ടലിൽ മരിച്ചവരെ അടക്കം ചെയ്ത പുത്തുമലയിലെ ശ്മശാനത്തിന് മേപ്പാടി പഞ്ചായത്ത് നൽകിയ പേര്?

ഉത്തരം: ജൂലൈ 30 ഹൃദയഭൂമി

18.ഇന്ത്യയിൽ ആദ്യമായി ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് വോട്ടെടുപ്പ് നടത്തിയത് 1982 ലാണ്. ഏത് സംസ്ഥാനത്തെ നിയമസഭാ മണ്ഡലത്തിലാണ് ഇത് നടന്നത്?

ഉത്തരം:കേരളം ( എറണാകുളത്തെ നോർത്ത് പറവൂരിൽ)

19. മികച്ച യുവ ഫുട്ബോൾ താരത്തിനുള്ള കോപ്പാ ട്രോഫി തുടർച്ചയായി രണ്ടാം തവണയും ലാമിൻ യമാൽ നേടി. ഏത് രാജ്യത്തിൻ്റെ താരമാണ് ഇദ്ദേഹം ?

ഉത്തരം: സ്പെയിൻ

20. ഇന്ത്യൻ ഭരണഘടനയിൽ എല്ലാ പൗരന്മാർക്കും തുല്യത ഉറപ്പുവരുത്തുന്ന അനുച്ഛേദം?

(A) അനുച്ഛേദം 10
(B) അനുച്ഛേദം 24
(C) അനുച്ഛേദം 14
(D) അനുച്ഛേദം 34

ഉത്തരം: (C )അനുഛേദം 14

**ടൈബ്രേക്കർ ചോദ്യങ്ങൾ**

1.ഏറ്റവും കൂടുതൽ തവണ രാഷ്ട്രപതി ഭരണത്തിൻ കീഴിൽ ആയ സംസ്ഥാനം ഏത്?

ഉത്തരം: മണിപ്പൂർ

2.അനിൽ വി നാഗേന്ദ്രൻ തിരക്കഥ എഴുതി സംവിധാനം ചെയത വീര വണക്കം എന്ന തമിഴ് ചലച്ചിത്രം ആരുടെ ജീവിതത്തെ ആസ്പദമാക്കിയാണ്?

ഉത്തരം: സഖാവ് പി കൃഷ്ണപിള്ള.

3. 1941 ജൂൺ 18 ന് അന്തരിച്ച നവോത്ഥാന നായകൻ?

ഉത്തരം:അയ്യങ്കാളി

4.ജൈവ കൃഷി രീതിക്ക് പ്രാധാന്യം നൽകുന്ന നവധാന്യ എന്ന സംഘടന സ്ഥാപിച്ച പരിസ്ഥിതി പ്രവർത്തക?

ഉത്തരം: വന്ദന ശിവ

5. ലോക അത് ലറ്റിക് മീറ്റിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ കായികതാരം?

ഉത്തരം: അഞ്ജു ബോബി ജോർജ്